നടത്തിവരുന്നു. ഈ വർഷം 24-ാം ജോയിന്റ് കൺട്രോൾ ബോർഡിന്റെ (JCB) മീറ്റിംഗ് ആലപ്പുഴയിലെ തണ്ണീർമുക്കത്തുള്ള "WORLD BACK WATERS" ഓഡിറ്റോറിയത്തിൽവച്ച് 13-6-2014-ന് നടത്തുകയും, കരാറിലെ ഷെഡ്യൂൾ II പ്രകാരമുള്ള കാര്യങ്ങൾ (കുടിവെള്ളത്തിനായുള്ള ജലവിതരണവും നിയന്ത്രണവും) ചർച്ച ചെയ്യുകയുമുണ്ടായി. കരാറിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ജോയിന്റ് കൺട്രോൾ ബോർഡിന്റെ മീറ്റിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണത്തിന് പ്രസക്തിയുള്ളതായി കാണുന്നില്ല

മഴ സമൃദ്ധി പദ്ധതി

109 (8169) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് 'മഴ സമൃദ്ധി' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) മഴവെള്ളം കിണറുകളിലേക്ക് റീ ചാർജ് ചെയ്ത് ജലസമൃദ്ധിയും ജലശുദ്ധിയും ഉറപ്പുവരുത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മഴ സമൃദ്ധി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കേരള സർക്കാരിന്റെ മിഷൻ 676 പദ്ധതിയുടെ ഭാഗമായി മഴവെള്ളത്തെ പ്രയോജനപ്പെടുത്തി കിണറുകളെ ജലസമൃദ്ധമാക്കാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ പ്രധാന കുടിവെള്ള സ്രോതസ്സായ കിണറുകളുടെ ജലശുദ്ധിയും ജല സമൃദ്ധിയും വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

1. സംസ്ഥാനത്ത് ലഭിക്കുന്ന മഴയെ പ്രയോജനപ്പെടുത്തുക.
2. തെരഞ്ഞെടുക്കപ്പെട്ട 100 ഗ്രാമപഞ്ചായത്തുകളിൽ ഒന്നാം ഘട്ടമായി കിണർ റീ ചാർജ്ജ് നടപ്പിലാക്കുക.
3. കിണറുകളിലെ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുക.
4. കിണറുകളിലെ ജലശുദ്ധി മെച്ചപ്പെടുത്തുക.

(സി & ഡി) മഴവെള്ളം കിണറുകളിലേക്ക് റീ ചാർജ് ചെയ്യുന്ന പദ്ധതി പല സ്ഥലങ്ങളിലും ഇതിനകംതന്നെ നടപ്പിലാക്കിയിട്ടുണ്ട്. വിജയകരമായി നടപ്പാക്കിയ പല കേസ് സ്റ്റഡികളുടെയും അടിസ്ഥാനത്തിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

ജലനിധി രണ്ടാം ഘട്ടം

110 (8170) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 'ജലനിധി' രണ്ടാംഘട്ടം, പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദ മാക്കുമോ ?

ഉത്തരം

(എ&ബി) ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെയുള്ള ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി എന്നീ എട്ട് ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly

കളിലുമാണ് പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ മുതൽമുടക്ക് 1022 കോടി രൂപയും പദ്ധതി കാലയളവ് 2012-2017 വരെയുമാണ്. ഇതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കി വരുന്നു:

1. പഞ്ചായത്തുകളുടെ സമഗ്ര കുടിവെള്ള പുനരുദ്ധാരണ പദ്ധതികൾ.

മാളയും അനുബന്ധ പഞ്ചായത്തുകളും

ഊരകവും അനുബന്ധ പഞ്ചായത്തുകളും

ഒഴൂരും അനുബന്ധ പഞ്ചായത്തുകളും

2. ഏക പഞ്ചായത്തുകൾക്കുള്ള ബൾക്ക് സപ്ലൈ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും, സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. ബാച്ച് 1-ലെ 20 ഗ്രാമ പഞ്ചായത്തുകളിലും, ബാച്ച് 2-ലെ 62 ഗ്രാമപഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാച്ച് 1-ൽ വലുതും ചെറുതുമായ 453 കുടിവെള്ള പദ്ധതികളും, ബാച്ച് 2 ൽ 1161 കുടിവെള്ള പദ്ധതികളും നടപ്പാക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നു. ഇതുമൂലം ഏകദേശം 9,60,000 പേർക്ക് പ്രയോജനം ലഭിക്കും.

(സി) ഇത്തരത്തിലുള്ള പദ്ധതികളുടെ നിർവ്വഹണം ആരംഭഘട്ടത്തിലാണ്. പദ്ധതികൾ കമ്മീഷൻ ചെയ്യു കഴിയുമ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഇതിനായി കേരളാ വാട്ടർ അതോറിറ്റിയിൽ സെക്ടർ ഡെവലപ്മെന്റ് സെല്ലിന് രൂപം കൊടുത്ത് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

സ്വകാര്യ റിസോർട്ടുകൾക്ക് കായൽ-കടൽ തീരങ്ങൾ പതിച്ചുകൊടുക്കൽ

111 (8171) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ സ്വകാര്യ റിസോർട്ടുകൾക്ക് എവിടെയെങ്കിലും കായൽ-കടൽ തീരങ്ങൾ പതിച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly